# കാക്ക

കറുകറുത്തൊരു പെണ്ണ്-
കാക്കപ്പെണ്ണ്

കരിനീലക്കണ്ണ്,
കാക്കപ്പൂംചുണ്ട്,
കറുത്ത തൂവലിൻ.
പട്ടുക്കുപ്പായം.

കറുകറുത്തൊരു പെണ്ണ്-
കാക്കപ്പെണ്ണ്

കാകാവിളിയും,
കറുകറെ സ്വരവും,
കഠിന കഠോരം,
കലഹസമാനം.

കറുകറുത്തൊരു പെണ്ണ്-
കാക്കപ്പെണ്ണ്

രാവിലെയെത്തും,
എന്റെ വീട്ടിൽ,
കള്ളനോട്ടോം,
വെട്ടിപ്പുമായി

കറുകറുത്തൊരു പെണ്ണ്-
കാക്കപ്പെണ്ണ്

സൂത്രക്കാരി പെണ്ണ്
കസർത്തു വേലേം
കൺകെട്ടു വിദ്യേം
തട്ടിപ്പുമായൊരു കണ്ണ്.

കറുകറുത്തൊരു പെണ്ണ്-
കാക്കപ്പെണ്ണ്